# പ്രതികരണങ്ങൾ വസ്തുതാപരമായിരിക്കണം

ഇത്തവണത്തെ മന്നംജയന്തി ആഘോഷത്തിൽ വിശിഷ്ടാതിഥികളായി വന്നവരെ കാണുമ്പോൾ യു.ഡി. എഫ്. സമ്മേളനമാണോ എന്നു തോന്നിപ്പോകും എന്ന ചില മാധ്യമങ്ങളുടെ അന്വേഷണവും, അതിന്മേൽ പുറത്തുവന്ന വിശദീകരണവും പല തരത്തിലുള്ള തെറ്റിദ്ധാരണകൾക്ക് ഇടയാക്കി.

നായർ സർവീസ് സൊസൈറ്റി മന്നംജയന്തി സമ്മേളനങ്ങളിൽ, അതതു കാലത്ത് ഭരണം നടത്തുന്ന ജനപ്രതിനിധികളെയാണ് വിശിഷ്ടാതിഥികളായി ക്ഷണിക്കാറുള്ളതെന്നും, അതിൽ മുന്നണി ഏതെന്നു നോക്കാറില്ല എന്നും, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തും ഭരണരംഗത്തുള്ള അന്നത്തെ ജനപ്രതിനിധികളെ വിശിഷ്ടാതിഥികളായി ക്ഷണിച്ചിട്ടുണ്ടെന്നും, എന്നാൽ അവർ അസൗകര്യം ഭാവിച്ച് വരാതിരുന്നതായി തോന്നിയിട്ടുണ്ടെന്നും, വിളിച്ചാൽ വരുന്നവരെയല്ലേ ക്ഷണിക്കാനൊക്കുകയുള്ളൂ എന്നുമുള്ള എൻ.എസ്.എസ്സിന്റെ അഭിപ്രായത്തെ തുടർന്നാണ് സി.പി.എം. നേതാക്കളുടെ ഭാഗത്തുനിന്നും പ്രതികരണം ഉണ്ടായത്.

'നായന്മാരുടെ അട്ടിപ്പേറവകാശം എൻ.എസ്.എസ്സിനല്ല; എൻ.എസ്.എസ്. വേദി, യു.ഡി.എഫ്. വേദിയായി തോന്നിയതിനു കാരണം ഞങ്ങളല്ല; സി.പി.എം.-ൽ എൻ.എസ്.എസ്. യൂണിറ്റുകളില്ല; എൻ.എസ്.എസ്സിന്റെ തീരുമാനങ്ങൾ നടപ്പാക്കാൻ സി.പി.എം.-ന് ബാദ്ധ്യതയില്ല' എന്നുമൊക്കെയായിരുന്നു അവരുടെ പ്രതികരണം. അവരിൽ നിന്നും ഇത്തരം പ്രതികരണങ്ങൾ ഉണ്ടാവരുതായിരുന്നു.

സി.പി.എം.-ൽ എൻ.എസ്.എസ്സിനു യൂണിറ്റുകൾ ഇല്ല എന്ന കാര്യം പുതിയ അറിവല്ല. എൻ.എസ്.എസ്സിന്റെ തീരുമാനങ്ങൾ നടപ്പാക്കണമെന്ന് ഒരു രാഷ്ട്രീയപ്രസ്ഥാനത്തോടും എൻ.എസ്.എസ്. ആവശ്യപ്പെടാറുമില്ല. എന്നാൽ എൻ.എസ്.എസ്സിന്റെ ആവശ്യങ്ങൾ കേന്ദ്ര-സംസ്ഥാനഗവണ്മെന്റുകൾക്കു മുന്നിൽ ഉന്നയിക്കാറുണ്ട് എന്നത് സത്യമാണ്.

മുന്നാക്കക്ഷേമകോർപ്പറേഷൻ രൂപീകരണംകൊണ്ട് എൻ.എസ്.എസ്. തൃപ്തിപ്പെട്ടു എന്നും, മുന്നാക്കത്തിലെ പാവപ്പെട്ടവർക്കായുള്ള സംവരണം എന്ന ആവശ്യം കോൺഗ്രസ്സിനുവേണ്ടി ഉപേക്ഷിച്ചു എന്നും, മുന്നാക്കകോർപ്പറേഷൻകൊണ്ട് സമ്പന്നർക്കാണ് ഗുണം എന്നുമുള്ള പ്രതികരണവും ഒരു സി.പി.എം. നേതാവിൽനിന്നും ഉണ്ടായി. യഥാർത്ഥ വസ്തുത മനസ്സിലാക്കാതെയുള്ളതാണ് ഈ പ്രതികരണവും.

സംവരണേതരസമുദായങ്ങളായ മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി, അവർക്ക് സംവരണവും മറ്റാനുകൂല്യങ്ങളും നിശ്ചയിക്കുന്നതിലേക്ക് നിയമിക്കപ്പെട്ട റിട്ട. മേജർ ജനറൽ എസ്.ആർ. സിൻഹു അദ്ധ്യക്ഷനായുള്ള ദേശീയകമ്മീഷന്റെ ശുപാർശകൾ നടപ്പാക്കണമെന്നും, മുന്നാക്കസമുദായങ്ങളുടെ ക്ഷേമത്തിനായി ദേശീയതലത്തിൽ കോർപ്പറേഷൻ രൂപീകരിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ളതായിരുന്നു ഈ ജനുവരി 1-ന് പെരുന്നയിൽ നടന്ന അഖിലകേരള നായർപ്രതിനിധിസമ്മേളനത്തിൽ അവതരിപ്പിച്ച ഒന്നാമത്തെ പ്രമേയം എന്നതുതന്നെ അതിനു തെളിവാണ്.

ഭരണഘടന ഭേദഗതി ചെയ്തിട്ടായാലും മുന്നാക്ക വിഭാഗത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് തൊഴിൽരംഗത്തും വിദ്യാഭ്യാസരംഗത്തും സംവരണം നൽകണമെന്നും, മുന്നാക്കവിഭാഗങ്ങളുടെ ക്ഷേമത്തിനായി ദേശീയതലത്തിൽ കോർപ്പറേഷൻ രൂപീകരിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കുക മാത്രമല്ല, മേൽനടപടികൾക്കായി ബഹു. ഇന്ത്യൻപ്രധാനമന്ത്രിക്കും, ബഹു. സംസ്ഥാനമുഖ്യമന്ത്രിക്കും സമർപ്പിച്ചു കഴിഞ്ഞു എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

മുന്നാക്കവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണവും മറ്റാനുകൂല്യങ്ങളും വേണമെന്ന ആവശ്യത്തിൽനിന്നും എൻ.എസ്.എസ്. പിന്മാറി എന്ന വാർത്ത വസ്തുതകൾക്ക് നിരക്കാത്തതാണ്. അരനൂറ്റാണ്ടിലേറെക്കാലമായി എൻ.എസ്.എസ്. മുന്നോട്ടുവച്ചിട്ടുള്ള ഈ ആവശ്യത്തോട് പുറംതിരിഞ്ഞുനിന്ന ഗവണ്മെന്റുകളും രാഷ്ട്രീയപാർട്ടികളും, ആ സാമൂഹികനീതിക്കു മുന്നിൽ കണ്ണടയ്ക്കാൻ വയ്യാതെ, യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്ന ഈ സാഹചര്യത്തിൽ ലക്ഷ്യത്തിൽനിന്നും എൻ.എസ്.എസ്. പിന്മാറുന്നപ്രശ്നമുദിക്കുന്നതേയില്ല. വിജയത്തിലെത്തുംവരെ ശ്രമം തുടരുകയും ചെയ്യും.

എൻ.എസ്.എസ്സിന്റെ പ്രവർത്തനങ്ങളിൽ രാഷ്ട്രീയ വിവേചനം ഇല്ല എന്നകാര്യം എത്രയോ വ്യക്തമാണ്. ആരോടെങ്കിലും എതിർപ്പു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് വിഷയാധിഷ്ഠിതമാണ്. എല്ലാ രാഷ്ട്രീയപാർട്ടികളിലും പെട്ടവർ എൻ.എസ്.എസ്സിലുണ്ടെന്നും, അവരെ സംഘടനയിൽ ഉൾക്കൊള്ളുന്നതോടൊപ്പം, അവരവരുടെ പാർട്ടികളിലും സംരക്ഷിക്കേണ്ടതുണ്ടെന്നും എൻ.എസ്.എസ്. കരുതുന്നു. അതാണ് എൻ.എസ്.എസ്സിന്റെ സമദൂരം. അങ്ങനെയിരിക്കെ, ഇത്തവണത്തെ മന്നംജയന്തിസമ്മേളനത്തിൽ പങ്കെടുത്ത വിശിഷ്ടാതിഥികളെച്ചൊല്ലി ചില മാധ്യമങ്ങൾ ഉന്നയിച്ച സംശയങ്ങൾക്ക് എൻ.എസ്.എസ്. നൽകിയ വിശദീകരണം തെറ്റിദ്ധരിച്ച് സി.പി.എം. നേതാക്കളുടെ ഭാഗത്തുനിന്നുമുണ്ടായ പ്രതികരണം യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കാതെയുള്ളതാണെന്ന് വ്യക്തമാക്കാനാണ് ഇത്രയും വിശദീകരണം വേണ്ടിവന്നത്.